**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2069** **20-01-2021 - ൽ മറുപടിയ്ക്ക്**

**സി.എൻ.ജി. ഉപയോഗം വ്യാപകമാക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഗെയിൽ പദ്ധതി യാഥാർത്ഥ്യമായത് വഴി സംസ്ഥാനത്ത് സി.എൻ.ജി. ഉപയോഗം വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | ഗെയിൽ KKBMPL പ്രകൃതിവാതക പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ വാഹനങ്ങൾക്കുള്ള ഇന്ധനം (CNG) നല്കുന്നതിലേക്കായി തിരഞ്ഞെടുത്ത SV/IP സ്റ്റേഷനുകളിൽ ടാപ്പ് ഓഫിനുള്ള സംവിധാനം പൈപ്പ് ലൈൻ കടന്നു പോകുന്ന എല്ലാ ജില്ലകളിലും ഗെയിൽ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വാഹനങ്ങൾക്കുള്ള CNG വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിയെയാണ്. തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ വാതക വിതരണ ഏജൻസിയായി AG & P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ എറണാകുളം ജില്ലയിൽ 9 സി.എൻ.ജി സ്റ്റേഷനുകളും തൃശ്ശൂർ ജില്ലയിൽ 5 സി.എൻ.ജി സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വരും വർഷങ്ങളിൽ പി.എൻ.ജി.ആർ.ബി യുടെ അംഗീകാര പത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി 2026 നോടു കൂടി തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ മൊത്തം 200 സി.എൻ.ജി സ്റ്റേ ഷനുകളും മലപ്പുറം ജില്ലയിൽ 130 സി.എൻ.ജി സ്റ്റേ ഷനുകളും കോഴിക്കോട്, വയനാട് ജില്ലകളിൽ മൊത്തത്തിൽ 142സി.എൻ.ജി സ്റ്റേഷനുകളും കണ്ണൂർ, കാസർഗോഡ്, മാഹി പ്രദേശങ്ങളിൽ മൊത്തമായി 125സി.എൻ.ജി സ്റ്റേഷനുകളും പ്രാവർത്തികമാക്കാനാണ് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് വിഭാവനം ചെയ്യുന്നത്. തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, |

| | | | |
|---|---|---|---|
| | | | ആലപ്പുഴ എന്നിവിടങ്ങളിൽ വാതക വിതരണ ഏജൻസിയായി AG&P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്. ശേഷിക്കുന്ന മൂന്ന് ജില്ലകളായ ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളെ PNGRB യുടെ 11-ാം ഘട്ട ബിഡിങ്ങിനുള്ള താല്ക്കാലിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സി.എൻ.ജി. -യുടെ വിതരണം കേരളത്തിന്റെ തെക്കൻ ജില്ലകളിലേക്കും വ്യാപകമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (ബി) | ഗെയിൽ KKBMPL പ്രകൃതിവാതക പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ വാഹനങ്ങൾക്കുള്ള ഇന്ധനം (CNG) നല്കുന്നതിലേക്കായി തിരഞ്ഞെടുത്ത SV/IP സ്റ്റേഷനുകളിൽ ടാപ്പ് ഓഫിനുള്ള സംവിധാനം പൈപ്പ് ലൈൻ കടന്നു പോകുന്ന എല്ലാ ജില്ലകളിലും ഗെയിൽ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വാഹനങ്ങൾക്കുള്ള CNG വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിയെയാണ്. തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ വാതക വിതരണ ഏജൻസിയായി AG & P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ എറണാകുളം ജില്ലയിൽ 9 സി.എൻ.ജി സ്റ്റേഷനുകളും തൃശ്ശൂർ ജില്ലയിൽ 5 സി.എൻ.ജി സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വരും വർഷങ്ങളിൽ പി.എൻ.ജി.ആർ.ബി യുടെ അംഗീകാര പത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി 2026 നോട് കൂടി തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ മൊത്തം 200 സി.എൻ.ജി സ്റ്റേ ഷനുകളും മലപ്പുറം ജില്ലയിൽ 130 സി.എൻ.ജി സ്റ്റേ ഷനുകളും കോഴിക്കോട്, വയനാട് ജില്ലകളിൽ മൊത്തത്തിൽ 142സി.എൻ.ജി സ്റ്റേഷനുകളും കണ്ണൂർ, കാസർഗോഡ്, മാഹി പ്രദേശങ്ങളിൽ മൊത്തമായി 125സി.എൻ.ജി സ്റ്റേഷനുകളും പ്രാവർത്തികമാക്കാനാണ് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് വിഭാവനം ചെയ്യുന്നത്. തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ വാതക വിതരണ ഏജൻസിയായി AG&P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്. ശേഷിക്കുന്ന മൂന്ന് ജില്ലകളായ ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളെ PNGRB യുടെ 11-ാം ഘട്ട |

| | | | |
|---|---|---|---|
| | | | ബിഡിങ്ങിനുള്ള താല്കാലിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ